2026
FEBRUARY
14
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# നഗര നയം രൂപീകരിച്ച് കേരളം

**തിരുവനന്തപുരം:** ത്വരിതഗതിയിൽ നഗരവൽക്കരിക്കുന്ന കേരളത്തിന്റെ അടുത്ത 25 വർഷത്തെ വികസന ദിശ നിർണയിക്കുന്നതിന് കേരള സർക്കാർ നഗര നയം രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കരട് നഗര നയത്തിന് ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രണ്ടു വർഷം നീണ്ടു നിന്ന തുടർച്ചയായ പ്രവർത്തനങ്ങളുടെ ഒടുവിലാണ് രാജ്യത്ത് ആദ്യമായി ഇത്തരമൊരു നയം തയ്യാറാക്കുന്ന സംസ്ഥാനമായി കേരളം മാറുന്നത്. 2023-24 ലെ സംസ്ഥാന ബജറ്റിലാണ് സർക്കാർ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയിരുന്നത്. 2023 ഡിസംബർ മാസം ദേശീയ അന്തർദേശീയ വിദഗ്ധരെ ഉൾക്കൊള്ളിച്ച് കേരള നഗര നയ കമ്മിഷൻ സർക്കാർ രൂപീകരിക്കുകയും 2025 മാർച്ച് മാസം നവകേരള നഗര നയ റിപ്പോർട്ട് കമ്മിഷൻ മുഖ്യ മന്ത്രിക്ക് കൈമാറുകയും ചെയ്തു. തുടർന്ന് ഈ റിപ്പോർട്ട് വിപുലമായി ചർച്ച ചെയ്യുന്നതിന് സെപ്റ്റംബർ മാസം കൊച്ചിയിൽ ഒരു ആഗോള സമ്മേളനം നടത്തുകയുണ്ടായി. ദേശീയ അന്തർദേശീയ തലത്തിൽ നിന്നും മന്ത്രിമാരും, മേയർമാരും, ജനപ്രതിനിധികളും, വിദഗ്ദ്ധരും പങ്കെടുത്ത സമ്മേളനം നഗരവൽക്കരണം സംബന്ധിച്ച വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. പുതിയതായി ഉയർന്നു വന്ന നിർദേശങ്ങൾ കൂടി ഉൾകൊള്ളിച്ചു കൊണ്ടാണ് സർക്കാർ ഇപ്പോൾ നഗര നയം തയ്യാറാക്കിയിട്ടുള്ളത്.

നഗര നയ കമ്മിഷന്റെ കണക്ക് പ്രകാരം 2050 ഓടെ കേരളം 80 ശതമാനം നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനമാവും. മലനാടിനും തീര ദേശത്തിനും ഇടയിൽ അതീവ ജനസാന്ദ്രതയുള്ള മേഖലകളിൽ വികേന്ദ്രീകൃതമായി നഗര വികസനം പടർന്നു നടക്കുന്ന ഒരു സാഹചര്യമാണ് ഉരുത്തിരിയുന്നത്. കാലാവസ്ഥാ വ്യതിയാനം കൂടെ സംഭവിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിലടക്കം നടക്കുന്ന നഗര വികസനത്തെ ശാസ്ത്രീയമായി സമീപിക്കുന്നതിനുള്ള അടിസ്ഥാന രേഖയായിരിക്കും സർക്കാർ തയ്യാറാക്കായിട്ടുള്ള നഗര നയം. നഗരവൽക്കരണത്തെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സമീപനവും സാധ്യതകളും ഇത് മുന്നോട്ട് വയ്ക്കുന്നു. സംസ്ഥാനത്തിന്റെ വികേന്ദ്രീകൃത ഭരണത്തിന്റെയും പങ്കാളിത്ത ആസൂത്രണത്തിന്റെയും പാരമ്പര്യം പിൻപറ്റി ശാസ്ത്രീയ ആസൂത്രണവും സത്ഭരണവും ഉറപ്പുവരുത്തി കൊണ്ട് ക്ലൈമറ്റ്സ്മാർട്ട് നഗരങ്ങളുടെയും പട്ടണങ്ങളുടെയും ഒരു തുടർശൃംഖലയാണ് 2050 ലെ കേരളം സംബന്ധിച്ചു നഗരനയം വിഭാവനം ചെയ്യുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നതും നഗരവൽക്കരണം സൃഷ്ടിക്കുന്ന സൗകര്യങ്ങൾ എല്ലാവർക്കും പ്രാപ്യമാവുകയും ചെയ്യുന്ന ഒരു മാതൃകയാണ് കേരളം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്.




ഉയർന്ന നിലവാരമുള്ള നഗര സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം സാമൂഹികവും സ്ഥലപരവുമായ അസമത്വങ്ങൾ കുറയ്ക്കുകയും സാമൂഹിക പിന്തുണാ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതുമാണ് കേരളത്തിന്റെ നഗരനയം. നിയമങ്ങളിലും സംവിധാനങ്ങളിലും വരുത്തുന്ന പരിഷ്കാരങ്ങൾ, കാര്യശേഷീ വികസനവും ഭരണസംവിധാനങ്ങൾ ശക്തിപ്പെടുത്തലും, ജനകേന്ദ്രീകൃതമായ സേവനവും പദ്ധതികളും, അടിസ്ഥാന സൗകര്യ വികസനം, സ്ഥലപരവും തന്ത്രപരവുമായ ആസൂത്രണം എന്നീ വിഷയ മേഖലകളായാണ് നയം തയ്യാറാക്കിയിട്ടുള്ളത്.

## വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം പുനഃക്രമീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് പകൽ താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യമുള്ളതിനാൽ സംസ്ഥാനത്ത് വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം ഫെബ്രുവരി 12 മുതൽ മെയ് 20 വരെ പുനക്രമീകരിച്ചുകൊണ്ട് ലേബർ കമ്മിഷണർ സഫ്ന നസറുദീൻ ഉത്തരവിട്ടു.

പകൽ സമയം വെയിലത്ത് ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12.00 മണി മുതൽ ഉച്ചതിരിഞ്ഞ് 3.00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി വരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂറായി നിജപ്പെടുത്തി. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രാവിലത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിക്കുന്ന തരത്തിലും ഉച്ചയ്ക്ക് ശേഷമുള്ള ഷിഫ്റ്റ് വൈകുന്നേരം 3.00 മണിക്ക് ആരംഭിക്കുന്ന തരത്തിലും പുനക്രമീകരിച്ചു.. സമുദ്രനിരപ്പിൽ നിന്ന് 3,000 അടിയിൽ കൂടുതൽ ഉയരമുള്ളതും സൂര്യാഘാതത്തിന് സാദ്ധ്യതയില്ലാത്തതുമായ മേഖലകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. പ്രാദേശികമായ ഏതെങ്കിലും അടിയന്തര സാഹചര്യത്തിൽ ഈ ഉത്തരവു പ്രകാരമുള്ള കാലയളവിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അത് സംബന്ധമായ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ / ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ലേബർ കമ്മീഷണർക്ക് സമർപ്പിക്കും. ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ തൊഴിൽ മേഖലകളിൽ നടത്തുന്ന പരിശോധനകളോടൊപ്പം കൺസ്ട്രക്ഷൻ സൈറ്റുകൾക്കും റോഡ് നിർമ്മാണ മേഖലയ്ക്കും പ്രത്യേകം പരിഗണന നൽകിക്കൊണ്ട് ദൈനംദിന പരിശോധന എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ / ഡെപ്യൂട്ടി ലേബർ ഓഫീസർ / അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്1 എന്നിവരുടെ നേതൃത്വത്തിൽ മൂന്നു ടീമുകൾ രൂപീകരിക്കും. ഈ ടീമുകൾ ബന്ധപ്പെട്ട മേഖലകളിൽ എല്ലാ ദിവസവും പരിശോധന നടത്തുമെന്നും ലേബർ കമ്മിഷണറുടെ ഉത്തരവിൽ പറയുന്നു.

## നോവായി ആലിൻ മടങ്ങുന്നു; നാല് ജീവിതങ്ങളിലൂടെ ഇനി അവൾ ജീവിക്കും

**കൊച്ചി:** വിടപറയും മുൻപേ നാലുപേർക്ക് പുതുജീവൻ പകർന്ന് പത്ത് മാസം പ്രായമുള്ള ആലിൻ ഷെറിൻ എബ്രഹാം യാത്രയാകുന്നു. ആലിനും, മാതാവും, മാതാവിന്റെ രക്ഷിതാക്കളും സഞ്ചരിച്ചിരുന്ന കാറിൽ എതിർദിശയിൽ നിന്നെത്തിയ വാഹനം ഇടിക്കുകയായിരുന്നു. കഴിഞ്ഞ ഫെബ്രുവരി അഞ്ചിന് ഉച്ചയ്ക്ക് 2.30ഓടെ എം.സി. റോഡിൽ പള്ളം ബോർമ കവല ജംഗ്ഷന് സമീപമായിരുന്നു അപകടം. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ കുഞ്ഞിനെ ചങ്ങനാശ്ശേരിയിലും തിരുവല്ലയിലുമുള്ള ആശുപത്രികളിൽ പ്രവേശിപ്പിച്ചു. തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി ഫെബ്രുവരി ആറിന് രാത്രിയോടെയാണ് കൊച്ചി അമൃത ആശുപത്രിയിൽ എത്തിച്ചത്. എന്നാൽ ഡോക്ടർമാരുടെ തീവ്രശ്രമങ്ങൾക്കും ആ കുഞ്ഞിനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനായില്ല. കഴിഞ്ഞ ദിവസം ഉച്ചയോടെ ഡോക്ടർമാർ മസ്തിഷ്കമരണം സ്ഥിരീകരിക്കുകയായിരുന്നു. കുട്ടിയുടെ പിതാവിന്റെ സമ്മതപ്രകാരം സർക്കാർ സംവിധാനമായ കെസോട്ടോ വഴിയാണ് അവയവദാന പ്രക്രിയകൾ ഏകോപിപ്പിച്ചത്. ആലിൻ ദാനം ചെയ്യുന്ന ഹൃദയ വാൽവ് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലേക്കും, കരൾ തിരുവനന്തപുരം കിംസ് ആശുപത്രിയിലേക്കും, കിഡ്നി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കുമാണ് എത്തിക്കുന്നത്. കൂടാതെ കുട്ടിയുടെ കണ്ണുകൾ നേത്ര ബാങ്കിന് കൈമാറും. കടുത്ത വേദനയിലും കുഞ്ഞിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ മാതാപിതാക്കൾ എടുത്ത തീരുമാനം ഒരു വലിയ മാതൃകയാവുകയാണ്.

## സുരക്ഷിത വിദേശ കുടിയേറ്റം: നോർക്ക റൂട്ട്സ് പരിശീലനം

**തിരുവനന്തപുരം:** വിദേശ രാജ്യങ്ങളിലേയ്ക്ക് ഉദ്യോഗത്തിനു പോകാനാഗ്രഹിക്കുന്നവർക്ക് സുരക്ഷിത കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന നോർക്ക റൂട്ട്സ് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സൗജന്യ ഏകദിന പരിശീലന പരിപാടിയിൽ രജിസ്ട്രേഡ് നഴ്സുമാർ മറ്റ് സ്കിൽഡ് പ്രൊഫഷണലുകൾ (നേഴ്സിംഗ് ഇതര വിഭാഗങ്ങൾ) ഉൾപ്പെടെ 270 ഓളം പേർ പങ്കെടുത്തു. തിരുവനന്തപുരം തൈക്കാടുള്ള ലെമൺ ട്രീ ഹോട്ടലിൽ സംഘടിപ്പിച്ച പ്രോഗ്രാം നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. നോർക്ക വകുപ്പ് സെക്രട്ടറി അനുപമ ടി.വി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി സ്വാഗതവും, വിദേശ റിക്രൂട്ട്മെന്റ് വിഭാഗം മാനേജർ പ്രകാശ് പി ജോസഫ് നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന പരിശീന സെഷനുകളിൽ നോർക്ക വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും പ്രവർത്തനങ്ങൾ അജിത് കോളശ്ശേരി വിശദീകരിച്ചു.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **വി.പി.എസ് ലേക്ഷോർ ആശുപത്രി :** സൗജന്യ ഡയബറ്റിക് ഷോർകോട്ട് ഫുട്ട് സ്ക്രീനിംഗ് ക്യാമ്പ് – രാവിലെ 10 മുതൽ.
- **കാക്കനാട് രാജഗിരി വാലി ക്യാമ്പസ് :** ഏഴാമത് രാജഗിരി അന്താരാഷ്ട്ര മാനേജ്മെന്റ് കോൺഫറൻസ് – രാവിലെ 10ന്.
- **കൊച്ചി ലെ മീഡിയൻ :** ഇന്ത്യൻ അസ്സോസിയേഷൻ ഫിസിക്കൽ മെഡിക്കൽ ആൻഡ് റീഹാബിലിറ്റേഷൻ രാജ്യാന്തര സമ്മേളനം – രാവിലെ 10ന്.
- **പാലാരിവട്ടം വൈഎംസിഎ ഇന്റർനാഷണൽ യൂത്ത് സെന്റർ :** വൊക്കേഷണൽ ടീച്ചേഴ്സ് അസോ. സംസ്ഥാന സമാപന സമ്മേളനം – ഉദ്ഘാടനം വ്യവസായമന്ത്രി പി രാജീവ് – പകൽ 11ന്.
- **എറണാകുളം ടൗൺ ഹാൾ :** ദേശീയ ശാസ്ത്ര-യുക്തി ചിന്താ സെമിനാർ – ചാർവ്വാകം 2025- രാവിലെ 10ന്.
- **വെണ്ണല എൻജിനീയേർസ് ക്ലബ് അങ്കണം :** എൻജിനീയേഴ്സ് ക്ലബിന്റെ സിൽവർ ജൂബിലി ആഘോഷം – ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് – വൈകിട്ട് 6.30ന്.
- **വെണ്ണല തൈക്കോട്ട് ശ്രീമഹാദേവ ക്ഷേത്രം :** ശിവരാത്രി തിരുവുത്സവം – കഥക്, എം. ജി. ശ്രീകുമാർ നയിക്കുന്ന ഗാനമേള – രാത്രി 7.30 മുതൽ.

## കിഴക്കമ്പലം

- **പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് പള്ളി :** വിശുദ്ധ ആഗസ്തിനോസിന്റെ ദർശന തിരുനാൾ – രാവിലെ 7ന്.
- **കുനമ്മാവ് സെന്റ് ജോസഫ് ആശ്രമദേവാലയം :** വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ – രാവിലെ 6.15ന്.

## കാലടി

- **ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല :** പുരുഷ- വനിതാ ബീച്ച് വോളിബോൾ ടീം രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് – രാവിലെ 8ന്.

## കോലഞ്ചേരി

- **വടവുകോട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് :** പ്ലാറ്റിനം ജൂബിലി മന്ദിരം ഉദ്ഘാടനം – രാവിലെ 11 ന്.

## കോതമംഗലം

- **കോട്ടപ്പടി കൽക്കുന്നേൽ മാർ ഗീവർഗീസ് സഹദാ യാക്കോബായ പള്ളി :** മഞ്ഞനിക്കര ബാവയുടെ ഓർമ്മപെരുന്നാൾ കൊടിയേറ്റ് – രാവിലെ 9 മണി .
- **ഇഞ്ചൂർ സെന്റ് ആന്റണീസ് പള്ളി** : വിശുദ്ധരായ അന്തോണീസിന്റെയും കന്യകാമറിയത്തിന്റെയും തിരുന്നാൾ.
- **വടാശേരി ചൊറിയൻ കാവ് ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിനാഘോഷവും താലപ്പൊലി ഉത്സവവും – രാവിലെ 6 ന്.
- **പല്ലാരിമംഗലം ദാറുൽ ഇസ്ലാം ജുമാ മസ്ജിദ് :** മതപ്രഭാഷണം രാത്രി 7 ന്.


## മൂവാറ്റുപുഴ

- നിർമല കോളേജ് തിയേറ്റർ : മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജ്യാന്തര ചലചിത്ര മേള – രാവിലെ 9 ന് .

# പിന്നാക്ക വിഭാഗ വികസന വകുപ്പിൽ താൽക്കാലിക നിയമനം

**കൊച്ചി:** പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ക്ലറിക്കൽ ജോലികൾക്കായി താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വകുപ്പ് ഡയറക്ടറേറ്റിൽ മൂന്ന് ഒഴിവുകളും കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ മേഖലാ കാര്യാലയങ്ങളിൽ ഓരോ ഒഴിവു വീതവുമാണുള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ പരമാവധി 179 ദിവസത്തേക്കാണ് നിയമനം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് https://egratnz.kerala.gov.in/ എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോമും വിജ്ഞാപനവും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ ഇമെയിൽ വഴിയോ നേരിട്ടോ ഫെബ്രുവരി 19 ന് വൈകിട്ട് 5 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം സിവിൽ സ്റ്റേഷനിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0484-2983130.

ഷൂട്ട്@സൈറ്റ്



**പിങ്ക് വസന്തം........** *കൊച്ചി കണ്ടെയ്നർ റോഡരുകിൽ പൂത്ത് നിൽക്കുന്ന പിങ്ക് ട്രംപറ്റ് മരം*

ഫോട്ടോ: എ. എസ് സതീഷ്

# ഐ.എ.പി കൊച്ചിയ്ക്ക് പുതിയ ഭാരവാഹികൾ



*ഡോ. കെ.ജി വിജയൻ* *ഡോ. സത്യജിത്ത് നായർ* *ഡോ.തോമസ് രഞ്ജിത്*

**കൊച്ചി:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചിൻ ബ്രാഞ്ചിന്റെ 2026-27 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. കെ.ജി വിജയൻ (പ്രസിഡന്റ്), ഡോ.സത്യജിത്ത് നായർ(സെക്രട്ടറി) , ഡോ. തോമസ് രഞ്ജിത് ( ട്രഷറർ)എന്നിവരാണ് ഭാരവാഹികൾ. കലൂർ ഐ.എം.എ ഹൗസിൽ നടന്ന വാർഷിക സമ്മേളനത്തിൽ പുതിയ ഭാരവാഹികൾ ചുമതലയേറ്റു.

# കെ.വി.വി.ഇ.എസ് ജില്ലാ കൗൺസിൽ 26 ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കൗൺസിൽ യോഗവും ഏകോപന സമിതി അംഗങ്ങളായ ജനപ്രതിനിധികൾക്ക് സ്വീകരണവും ഫെബ്രുവരി 26 ന് നടക്കുമെന്ന് ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ അറിയിച്ചു. എറണാകുളം ടൗൺഹാളിൽ ഉച്ചകഴിഞ്ഞ് 2.30 ന് നടക്കുന്ന സമ്മേളനം ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബ് അധ്യക്ഷത വഹിക്കും. തുടർന്ന് ഇഫ്താർ വിരുന്നുമുണ്ടായിരിക്കും

# വോട്ടർപട്ടിക പരിഷ്കരണം : രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു



**കൊച്ചി:** ജില്ലയിലെ വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (ഇ.ആർ.ഒ) മാരുടെയും സംയുക്ത യോഗം ചേർന്നു. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിലായിരുന്നു യോഗം. 2025 ഡിസംബർ 23 പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ ജില്ലയിൽ ആകെ 23,30,643 പേരാണുണ്ടായിരുന്നത്. കരട് പട്ടികയിൽനിന്ന് വിവിധ കാരണങ്ങളാൽ ഒഴിവാക്കിയവരിൽ 1,31,998 വോട്ടർമാരെ പരാതികളും ആക്ഷേപങ്ങളും പരിഹരിച്ചതിനുശേഷം വോട്ടർ പട്ടികയിൽ തിരിച്ചു ചേർക്കാനായി എന്ന് ജില്ലാ കളക്ടർ പറഞ്ഞു. ബൂത്ത് ലെവൽ ഓഫീസർ മാരുടെയും (ബി.എൽ.ഒ) ബൂത്ത് ലെവൽ ഏജന്റ് മാരുടെയും (ബി.എൽ എ) സഹകരണമാണ് ഈ ഒരു നേട്ടത്തിന് കാരണമായത്. അർഹതയുള്ള ആരെയും ഒഴിവാക്കിയിട്ടില്ല. 2026 ഫെബ്രുവരി 12 വരെ 24,62,641 വോട്ടർമാരെയാണ് ഇലക്ടൽ റോളിൽ ചേർത്തിരിക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു. കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ: ഐ.എം.എ പ്രതിഷേധ ധർണ്ണ നടത്തി




*ചെറിയ ആശുപത്രികളെയും ക്ലിനിക്കുകളെയും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഐ.എം.എയുടെ നേതൃത്വത്തിൽ എറണാകുളം ഡി.എം.ഒ ഓഫിസിനു മുന്നിൽ നടത്തിയ ധർണ്ണ ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. എം. എൻ മേനോൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എ.വി ബാബു, ഡോ. മഞ്ജു രാജഗോപാൽ, ഡോ. കെ.എ ശ്രീവിലാസൻ, ഡോ. ലിസാ തോമസ്, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. ജോർജ്ജ് തുകലൻ തുടങ്ങിയവർ മുൻ നിരയിൽ*

**കൊച്ചി:** 15 കിടക്കകൾ വരെയുള്ള ആശുപത്രികളെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ നിന്നും ഒഴിവാക്കണമെന്ന് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. എം. എൻ മേനോൻ പറഞ്ഞു. കേരളത്തിലെ ചെറിയ ആശുപത്രികളെയും ക്ലിനിക്കുകളെയും സംരക്ഷിക്കുന്ന വിധത്തിലാകണം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കേണ്ടതെന്നാവശ്യപ്പെട്ട് ഐ.എം.എയുടെ നേതൃത്വത്തിൽ എറണാകുളം ഡി.എം.ഒ ഓഫിസിനു മുന്നിൽ നടത്തിയ ധർണ്ണയും പൊതുജനാരോഗ്യ സംരക്ഷണ ദിനാചരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ സമൂഹത്തെയും ഡോക്ടർമാരെയും രോഗികളെയും ബാധിക്കുന്ന നിരവധി വിഷയങ്ങൾ ഉണ്ട്. ഇതിൽ ഐ.എം.എ ഇടപെട്ട് സർക്കാർ ഭേദഗതികൾ വരുത്തിയിട്ടുണ്ടെങ്കിലും രേഖാപരമായി വന്നിട്ടില്ല. കൂടാതെ ഏതാനും വിഷയങ്ങളിൽക്കൂടി ഇനിയും ഭേദഗതി ആവശ്യമുണ്ട്. ചെറിയ ആശുപത്രികളുടെ കാര്യത്തിൽ കൃത്യമായ നിർവ്വചനം ആവശ്യമാണ്. 15 കിടക്കകളുള്ള ആശുപത്രികളെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ നിന്നും ഒഴിവാക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും നടപ്പാക്കപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങളിൽ അനുഭാവപൂർവ്വമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും അല്ലാത്ത പക്ഷം 20 ന് സെക്രട്ടറിയേറ്റിനു മുന്നിലും ധർണ്ണ സംഘടിപ്പിക്കുമെന്നും ഡോ. എം. എൻ മേനോൻ പറഞ്ഞു. ഐ.എം.എ ജില്ലാ ചെയർപേഴ്സൺ ഡോ. മഞ്ജു രാജഗോപാൽ അധ്യക്ഷത വഹിച്ചു. ഐ.എം.എ മുൻ സംസ്ഥാന പ്രസിഡന്റും ആക്ഷൻ കമ്മിറ്റി ചെയർമാനുമായ ഡോ. കെ. എ ശ്രീവിലാസൻ, മുൻ പ്രസിഡന്റ് ഡോ. എ.വി ബാബു, കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. സുധാകര റെഡ്ഡി, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവൽ, കെ.ജി.ഐ.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. ലീന, വുമൺഐ.എം.എ സംസ്ഥാന ട്രഷറർ ഡോ. ബിന്ദു സുരേഷ്, കെ.ജി.എം.സി.ടി.എ പ്രസിഡന്റ് ഡോ. മിനു, ജി.പി.എ കൊച്ചി പ്രസിഡന്റ് ഡോ. ഷീജാ ശ്രീനിവാസ്, ഐ.ഡി.എ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. സിജു പൗലോസ്, ക്യൂ.പി.എം.പി.എ മധ്യമേഖല ജോയിന്റ് സെക്രട്ടറി ഡോ. എം. കെ മോഹൻ ദാസ്, ഐ.എ.പി മധ്യകേരള പ്രസിഡന്റ് ഡോ. എം. എ സജിത്, ഐ.എം.എ ജില്ലാ കൺവീനർ ഡോ. ലിസാ തോമസ് തുടങ്ങിയവർ സംസാരിച്ചു.

# സ്വകാര്യബസുകളുടെ വേഗപൂട്ട് പ്രവർത്തനരഹിതമാക്കുന്നു : പരാതി അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** സ്വകാര്യബസുകളിലെ ജീവനക്കാർ വേഗപൂട്ട് സംവിധാനം പ്രവർത്തനരഹിതമാക്കി അനിയന്ത്രിതമായ വേഗതയിൽ ബസോടിച്ച് വഴിയാത്രക്കാരെ അപകടത്തിൽപ്പെടുത്തുകയാണെന്ന പരാതിയെ കുറിച്ച് അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. എറണാകുളം ജില്ലാ പോലീസ് മേധാവിയും (സിറ്റി) ആർ.റ്റി.ഒ യും മൂന്നാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

ചെല്ലാനത്ത് ഇനോയ് ജൂഡ് (9) എന്ന വിദ്യാർത്ഥിയെ ഇടിച്ച ബസിന്റെ വേഗപൂട്ട് സംവിധാനം അട്ടിമറിക്കപ്പെട്ടിരുന്നതായി പരാതിയിൽ പറയുന്നു. വേഗപൂട്ട് ഇല്ലാത്തതിനാൽ 60 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കേണ്ട ബസ് 100 കിലോമീറ്റർ വേഗതയിലാണ് സഞ്ചരിക്കുന്നതെന്നും പരാതിയിൽ പറയുന്നു. നിയമലംഘനം കണ്ടിട്ടും അധികൃതർ കണ്ടില്ലെന്ന് നടിക്കുകയാണെന്നും പരാതിയുണ്ട്. ഇടക്കൊച്ചി സ്വദേശി ലോറൻസ് വർഗീസ്, എളമക്കര ജോസ് ഡൊമിനിക്ക് എന്നിവരും അമിതവേഗതയുടെ ഇരകളാണ്. സ്വകാര്യ ബസുകളുടെ വാഹനടെസ്റ്റ് പൂർത്തിയാക്കിയാൽ വേഗപൂട്ടുകൾ നിർജീവമാക്കാറാണ് പതിവെന്ന് പൊതുപ്രവർത്തകനായ തമ്പി സുബ്രഹ്മണ്യൻ സമർപ്പിച്ച പരാതിയിൽ പറയുന്നു.

# ഗവൺമെന്റ് സൈബർപാർക്കിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

**കോഴിക്കോട്:** ഗവൺമെന്റ് സൈബർപാർക്കും എം.വി.ആർ ക്യാൻസർ സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. സൈബർപാർക്ക് ജീവനക്കാരുടെ പങ്കാളിത്തത്തോടെ നടന്ന ക്യാമ്പിൽ നിരവധി പേർ രക്തം നൽകി. സൈബർ പാർക്കിലെ സഹ്യ കെട്ടിടത്തിലായിരുന്നു പരിപാടി.എം.വി.ആർ ക്യാൻസർ സെന്ററിന്റെ വാർഷിക രക്തദാന പ്രവർത്തനങ്ങളിൽ സൈബർപാർക്ക് നൽകിവരുന്ന സഹകരണം മുൻനിർത്തി ചടങ്ങിൽ ഉപഹാരം സമർപ്പിച്ചു. എം.വി.ആർ ക്യാൻസർ സെന്ററിലെ ഡോ. അമിൽ ഹാരിസ്, സൈബർപാർക്ക് എച്ച്.ആർ ആൻഡ് മാർക്കറ്റിംഗ് മാനേജർ എം.അനുശ്രീക്ക് ഉപഹാരവും പ്രശംസാപത്രവും കൈമാറി. സൈബർ പാർക്കിലെ വിവിധ കമ്പനികളിൽ നിന്നായി 87 പേർ രക്തദാനത്തിൽ പങ്കാളികളായി.



## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് വകുപ്പിനു കീഴിൽ കരാർ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പാസ്സായ കമ്പ്യൂട്ടർ (പരിജ്ഞാനംഎം.എസ് ഓഫീസ്) യോഗ്യതയുള്ളവർക്ക് മൾട്ടിപർപ്പസ് വർക്കർ (ജനനി) തസ്തികയിലേക്ക് അപേക്ഷിക്കാം. കേരള സർക്കാർ അംഗീകൃത ആയുർവേദ ഫാർമസി കോഴ്സ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഡിപ്ലോമയാണ് ഫാർമസിസ്റ്റ് (ആയുർവേദ) തസ്തികയിലേക്കുള്ള യോഗ്യത. പ്രായപരിധി 40 വയസ്സ് കവിയരുത്. താൽപ്പര്യമുള്ളവർ സൈറ്റിൽ കൊടുത്തിരിക്കുന്ന അപ്ലിക്കേഷൻ ഫോം പൂരിപ്പിച്ച് അസ്സൽ സർട്ടിഫിക്കറ്റുകളുടെ (വയസ്സ്, യോഗ്യത) സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം എറണാകുളം കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ ഓഫീസിൽ ഫെബ്രുവരി 17 ചൊവ്വാഴ്ച വൈകിട്ട് 5നകം തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.
ഫോൺ: 04842919133

## പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി തെളിവെടുപ്പ്

**കൊച്ചി:** സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി മെമ്പർ പി.കെ അരവിന്ദ് ബാബുവിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 16ന് എറണാകുളം ഗവ. റസ്റ്റ് ഹൗസിൽ രാവിലെ 11 മുതൽ പരാതികളിൽ മേൽ തെളിവെടുപ്പ് നടത്തും. അന്നേ ദിവസം രാവിലെ 10 മുതൽ 11 വരെ പരാതികൾ നേരിട്ട് സമർപ്പിക്കാനും അവസരമുണ്ട്.

## താൽപ്പര്യപത്രം

**കൊച്ചി:** കുടുംബശ്രീ പ്രീമിയം കഫേ ആരംഭിക്കുന്നതിന് താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങൾ, കുടുംബാംഗങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരിൽ നിന്ന് താൽപര്യപത്രംക്ഷണിച്ചു. നിശ്ചിത ഫോർമാറ്റിൽ ഫെബ്രുവരി 21 വൈകീട്ട് 5 ന് മുൻപായി ജില്ലാമിഷൻ കോഓഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ, കാക്കനാട് എന്ന വിലാസത്തിൽ താൽപര്യപത്രം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് www.kudumbashree.or-g സന്ദർശിക്കുക.
ഫോൺ 0484 2926787, 9497774686

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ഇടപ്പള്ളി ഐ.സി.ഡി.എസ്. പ്രോജക്ടിനു കീഴിലെ 101 അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷം പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 27. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 നും വൈകീട്ട് 5 നും ഇടയിൽ കാക്കനാട് ഐ എം ജി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഇടപ്പള്ളി ഐ സി.ഡി. എസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9188959722, 9946442594

## ജൂനിയർ റസിഡന്റ് ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. എം ബി ബി എസ് ബിരുദവും ടി സി എം സി രജിസ്ട്രേഷനുമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ഫെബ്രുവരി 20 ന് 11:30 ന് മെഡിക്കൽ സൂപ്രണ്ടിന്റെ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. ഫോൺ : 04842754000

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.tender.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
ഫോൺ:0484-2711048

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വിശാല കൊച്ചി വികസന അതോറിറ്റിയുടെ നാല് വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും ഫീസ് പിരിക്കുന്നതിന് ടെൻഡർ/ലേലം ക്ഷണിച്ചു. ടെൻഡറുകൾ ഫെബ്രുവരി 21 ന് ഉച്ചക്ക് ഒന്നിന് മുൻപായി ജി.സി.ഡി.എ ഓഫീസിൽ ടെൻഡർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങളും അപേക്ഷഫോമുകളും ഓഫീസിൽ നിന്നും ഫെബ്രുവരി 21ന് ഉച്ചയ്ക്ക് 12 വരെ ലഭ്യമാകും. ഫോൺ: 2204261, 2203378

## ബോൺഫിഗ്ലിയോലി ട്രാൻസ്മിഷൻസ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സാങ്കേതികവിദ്യാധിഷ്ഠിത മെക്കാനിക്കൽ, ഇലക്ട്രോ മെക്കാനിക്കൽ പവർ ട്രാൻസ്മിഷൻസ് കമ്പനിയായ ബോൺഫിഗ്ലിയോലി ട്രാൻസ്മിഷൻസ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഇറ്റലി ആസ്ഥാനമായുള്ള ബോൺഫിഗ്ലിയോലി എസ്.പി.എയുടെ ഭാഗമായ കമ്പനി പ്രമോട്ടർമാരുടെ പത്ത് രൂപ മുഖവിലയുള്ള 46,998,958 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## വൺ പോയിന്റ് വൺ സൊലൂഷൻസിന് മൂന്നാം പാദ ഫലങ്ങളിൽ വൻ കുതിപ്പ്

**കൊച്ചി:** പ്രമുഖ എഐ നിയന്ത്രിത ബിസിനസ് പ്രോസസ് മാനേജ്മെന്റ് സ്ഥാപനമായ വൺ പോയിന്റ് വൺ സൊലൂഷൻസിന് 2026 സാമ്പത്തിക വർഷം മൂന്നാം പാദ ഫലങ്ങളിൽ വൻ നേട്ടം. 2025 ഡിസമ്പർ 31 ന് അവസാനിച്ച മൂന്നാം പാദത്തിൽ പ്രധാന സാമ്പത്തിക മേഖലകളിലെല്ലാം വൺ പോയിന്റ് വൺ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്. മുൻ പാദത്തെയപേക്ഷിച്ച് 9.1 ശതമാനം വരുമാന വളർച്ചയുമായി കമ്പനിയുടെ ആദായം 77.3 കോടി രൂപയായി ഉയർന്നു. നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിലെ മൊത്തം വരുമാനം 81.3 കോടി രൂപയാണ്. മുൻ വർഷത്തെയപേക്ഷിച്ച് 15.4 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. നികുതിക്കു ശേഷമുള്ള ലാഭം മുൻ പാദത്തെയപേക്ഷിച്ച് 2.6 ശതമാനം വളർന്ന് 10.1 കോടി രൂപയായി. നിശ്ചിത പാദത്തിൽ പലിശകൾ, നികുതികൾ, ഇടിവ് എന്നിവയ്ക്കു മുൻപുള്ള ലാഭം 21.7 കോടി രൂപയിൽ നിന്ന് 5.16 ശതമാനം വളർന്ന് 21.7 കോടി രൂപയായിട്ടു.

## എബിസി പ്രത്യേക ക്യാമ്പയിൻ അവതരിപ്പിച്ചു

**കൊച്ചി:** വാലന്റൈൻസ് ദിനത്തിന്റെ ഭാഗമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ പ്രത്യേക ക്യാമ്പയിൻ അവതരിപ്പിച്ചു. ഇന്നത്തെ കാലത്തെ ഓരോ ചിന്താപരമായ സമ്മാനവും ക്ഷേമത്തെ പിന്തുണയ്ക്കുന്ന ഒന്നായിരിക്കണമെന്നും, ബദാം കൃത്യമായി അതിന് അനുയോജ്യമാണെന്നും ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. പ്രകൃതിദത്തമായി പോഷകസമൃദ്ധവും ദിനചര്യകളിൽ, പ്രത്യേകിച്ച് ഒരു പ്രഭാത ശീലമെന്ന നിലയിൽ ഉൾപ്പെടുത്താൻ എളുപ്പവുമാണ് ബദാം. പ്രോട്ടീൻ, ഫൈബർ, ആരോഗ്യകരമായ കൊഴുപ്പുകൾ, ചില വിറ്റാമിനുകൾ, മിനറലുകൾ എന്നിവയാൽ സമ്പന്നമായ ഇവ കൃത്യമായി കഴിക്കുന്നത് ഹൃദയാരോഗ്യം, ഭാര നിയന്ത്രണം, ചർമത്തിന്റെ ആരോഗ്യം എന്നിവയെ പിന്തുണയ്ക്കും. ഏറ്റവും പ്രായോഗികമായ രീതിയിൽ കരുതൽ പ്രതിഫലിപ്പിക്കുന്ന ഒരു സമ്മാനമാണിതെന്നും അവർ പറഞ്ഞു.

## ട്രൂകോളർ ഇന്ത്യ 2025ൽ 1,200 കോടി സ്പാം കോളുകൾ തടഞ്ഞു

**കൊച്ചി:** 2025ൽ ഇന്ത്യയ്ക്ക് ലഭിച്ചത് 4,000 കോടി മുതൽ സ്പാം കോളുകളാണെന്ന് ട്രൂകോളർ പുറത്തിറക്കിയ ഏറ്റവും പുതിയ ഇന്ത്യ ഇൻസൈറ്റ്സ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഉപയോക്താക്കളിലേക്ക് എത്തുന്നതിന് മുമ്പ് ഏകദേശം 1,200 കോടി അനാവശ്യ കോളുകൾ ട്രൂകോളർ സമൂഹം തടഞ്ഞതായി റിപ്പോർട്ടിൽ പറയുന്നു. ഇത് കോടിക്കണക്കിന് ഉപയോക്താക്കളെ തട്ടിപ്പുകളിൽ നിന്ന്, സമയം നഷ്ടപ്പെടുത്തുന്നതിൽ നിന്ന്, അനാവശ്യ സമ്മർദ്ദത്തിൽ നിന്ന് രക്ഷപ്പെടുത്തി. വിജിത് ഭാരത് ദർശനത്തിലേക്ക് ഇന്ത്യ മുന്നേറുന്ന സാഹചര്യത്തിൽ വിശ്വാസയോഗ്യമായ ആശയവിനിമയത്തിന്റെ പ്രാധാന്യം കൂടുതൽ ശക്തമാകുന്നു.

## കേരള ഗ്രഫീൻ പോളിസിക്ക് അംഗീകാരം

**തിരുവനന്തപുരം:** ഭാവിയിലെ അത്ഭുത പദാർത്ഥമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗ്രാഫീൻ ഉൽപ്പാദനത്തിലും ഗവേഷണത്തിലും ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകാൻ കേരളം ഒരുങ്ങുന്നു. സംസ്ഥാനത്ത് ഗ്രഫീൻ ആവാസ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന കേരള ഗ്രഫീൻ പോളിസിക്ക് അംഗീകാരം നൽകി. വിവിധ വ്യവസായ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊവുവരാൻ ശേഷിയുള്ള ഗ്രാഫീൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനായി ബൃഹത്തായ പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഗ്രഫീനിന്റെയും അനുബന്ധ വസ്തുക്കളുടെയും ഗവേഷണം, പ്രയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക, വികസനത്തിനും വ്യാവസായത്തിനും പിന്തുണ ഉറപ്പാക്കുക എന്നതാണ് കേരള ഗ്രഫീൻ നയം ലക്ഷ്യമിടുന്നത്. സ്ഥിരതയുള്ള പ്രവർത്തനങ്ങൾ സൃഷ്ടിക്കൽ, അനുകൂലമായ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സ്ഥാപിക്കൽ, ഗവേഷണവും വികസനവും പിന്തുണയ്ക്കൽ, സാങ്കേതിക പിന്തുണയും ആഗോള പങ്കാളിത്തങ്ങളും ഉറപ്പാക്കൽ, സാമ്പത്തിക കൺസൾട്ടൻസി സേവനങ്ങളും മാർക്കറ്റിംഗും തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

# കെൽട്രോൺ പ്രതിരോധസാങ്കേതിക മികവിൽ : ഉൽപ്പന്നകയറ്റുമതി സൗത്ത്ഏഷ്യ, നോർത്ത് ആഫ്രിക്കൻ രാജ്യങ്ങളിലേക്ക്



**കൊച്ചി:** കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിക്കൊണ്ട് കെൽട്രോണിന്റെ രണ്ട് സുപ്രധാന പദ്ധതികളുടെ കരാറുകൾ ഒപ്പിട്ടു. കളമശ്ശേരി ചക്കോളാസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പിട്ടത്. സൗത്ത് ഏഷ്യ നോർത്ത് ആഫ്രിക്ക നാവികസേനയുമായുള്ള 18 കോടി രൂപയുടെ പാസീവ് സോണാർ കയറ്റുമതി കരാർ, കോക്കോണിക്സ് ലാപ്ടോപ്പ് നിർമ്മാണ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായുള്ള ഓഹരി കൈമാറ്റം എന്നിവയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങളാണ് ചടങ്ങിൽ നടന്നത്.

2025ൽ കെൽട്രോൺ 300 സോണാർ ഘടകങ്ങൾ നിയോ പവർ വഴി കൃത്യസമയത്ത് മികച്ച ഗുണനിലവാരത്തോടെ കയറ്റുമതി നടത്തി സാങ്കേതിക മികവും കൃത്യനിഷ്ഠയും തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മുംബൈ ആസ്ഥാനമായ 'മെസേഴ്സ് നിയോ പവർ' വഴിയുള്ള സൗത്ത് ഏഷ്യനോർത്ത് ആഫ്രിക്ക രാജ്യങ്ങളുമായുള്ള കരാർ യാഥാർത്ഥ്യമായത്. കെൽട്രോണിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഒറ്റത്തവണ കയറ്റുമതി ഓർഡറാണിത്. 2019ൽ കെൽട്രോൺ, കെ എസ് ഐ ഡി സി, യു എസ് ടി ഗ്ലോബൽ എന്നിവർ ചേർന്ന് രൂപീകരിച്ച കമ്പനിയാണ് കോക്കോണിക്സ്. തമിഴ്നാട്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്മാർട്ട് ക്ലാസ് റൂം പദ്ധതികളിൽ കെൽട്രോണുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ചെന്നൈ ആസ്ഥാനമായ 'കെ എസ് സ്മാർട്ട്' കോക്കോണിക്സിന്റെ 40 ശതമാനം ഓഹരികൾ ഏറ്റെടുക്കാനാണ് രണ്ടാമത്തെ കരാർ.

നിയോ പവർ എം.ഡി എ.എസ്.വനേൽക്കറും കെൽട്രോൺ എം.ഡി. ശ്രീകുമാർ നായരും സൗത്ത് ഏഷ്യ നോർത്ത് ആഫ്രിക്ക നാവികസേനയുടെ 18 കോടി രൂപയുടെ ഉടമ്പടി കൈമാറി. കോക്കോണിക്സ് ലാപ്ടോപ്പുകളുടെ ഓഹരി കൈമാറ്റ ഉടമ്പടി കെ എസ് സ്മാർട്ട് ഡയറക്ടർ രോഹൻ രാമസ്വാമി കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായരിൽ നിന്നും ഏറ്റുവാങ്ങി.

# ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറുകൾ കൈമാറി

**റോം:** ലോകത്തെ മുൻനിര ഇരുചക്രമുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനിയും എക്സലൻഷ്യയും ചേർന്ന് വത്തിക്കാൻ സിറ്റി ഗവർണറേറ്റിന് രണ്ട് ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറുകൾ കൈമാറി. പരിസ്ഥിതി സൗഹൃദവും ഉത്തരവാദിത്തമുള്ളതുമായ യാത്രാസൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായാണ് സ്കൂട്ടറുകൾ കൈമാറിയത്. ടിവിഎസ് മോട്ടോർ ഇറ്റലിയും എക്സലൻഷ്യയും ചേർന്നുള്ള ഈ സംരംഭം വത്തിക്കാൻ സിറ്റി ഇതിനകം നടപ്പിലാക്കിവരുന്ന പരിസ്ഥിതി സൗഹൃദ മാറ്റങ്ങളിലെ ഒരു സുപ്രധാന ചുവടുവയ്പ്പ് കൂടിയാണ്.




നവീനതയ്ക്കും സുസ്ഥിരതയ്ക്കും മുൻഗണന നൽകുന്ന പദ്ധതികളിൽ വത്തിക്കാൻ സിറ്റിയും എക്സലൻഷ്യയും നേരത്തെ തന്നെ പങ്കാളികളാണ്. വത്തിക്കാൻ പോലുള്ള വിശിഷ്ടമായ സ്ഥലത്ത് ടിവിഎസ് ഐക്യൂബ് വിന്യസിക്കുന്നത് നഗരങ്ങളിലെ വൈദ്യുത വാഹനങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടിന്റെ തെളിവാണെന്ന് ടിവിഎസ് മോട്ടോർ ഇറ്റലി ജനറൽ മാനേജർ ജിയോവാനി നോട്ടർബാർട്ടോലോ ഡി ഫർണാരി പറഞ്ഞു. വത്തിക്കാൻ സിറ്റിയുമായുള്ള ഈ പങ്കാളിത്തം അതീവ പ്രാധാന്യമുള്ള നഗരസ്ഥാപന സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിശ്വസനീയമായ യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധതയെ ശക്തിപ്പെടുത്തുന്നുവെന്ന് എക്സലൻഷ്യ സ്ഥാപകനും ഉടമയുമായ ജിയോവാനി സാപ്പിയ പറഞ്ഞു.

# എ.ഐ. അധിഷ്ഠിത സ്മാർട്ട് ക്ലാസ്റൂം; മാറ്റത്തിന് തുടക്കം കുറിച്ച് എക്സ്ട്രമാർക്സ്

**കൊച്ചി :** എക്സ്ട്രമാർക്സ് എജുക്കേഷൻ എ.ഐ. അധിഷ്ഠിതമായ പുതുമയായ 'എക്സ്ട്ര ഇന്റലിജൻസ്' അവതരിപ്പിച്ചു. അധ്യാപകരെ ശക്തിപ്പെടുത്തുകയും പഠനാനുഭവം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഈ സംവിധാനത്തിൽ പാഠപദ്ധതി തയ്യാറാക്കൽ മുതൽ വിലയിരുത്തലുകളും വ്യക്തിഗത പഠന സഹായങ്ങളും വരെ എ.ഐ. സമഗ്രമായി ഉപയോഗിക്കുന്നു.

എൻ.ഇ.പി. അനുസൃതമായി ക്രമീകരിച്ചിരിക്കുന്നതും നിരന്തരം പുതുക്കപ്പെടുന്ന ഉള്ളടക്കമാണ് ഇതിന്റെ അടിസ്ഥാനസഹായം. ലോഞ്ച് ചടങ്ങിൽ മുഖ്യപ്രഭാഷണങ്ങളും വിദഗ്ധ സെഷനുകളും ക്ലാസ്റൂമുകളുടെ ഭാവിയെ കുറിച്ചുള്ള ചർച്ചകളും നടന്നു. 'ക്ലാസ്റൂം അനുഭവത്തെ



പുതുക്കിപ്പണിയുന്ന ശ്രമമാണ് ഇത്. അധ്യാപകരും വിദ്യാർത്ഥികളും കൂടുതൽ സുരക്ഷിതവും ആകർഷകവുമായ പഠനം കൈവരിക്കാൻ ഇത് സഹായിക്കുമെന്ന് ചീഫ് അക്കാദമിക് ഓഫീസർ വെങ്കട്ട് ഫാണികിരൺ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഓട്ടോയ്ക്ക് ഇനി മോഡേൺ ലുക്ക്; മഹീന്ദ്ര ഉഡോ ഇഓട്ടോ പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാണിജ്യവാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ്, ലാസ്റ്റ് മൈൽ ഗതാഗത രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് 'ഉഡോ' എന്ന പേരിൽ പുതിയ ഇലക്ട്രിക് ഓട്ടോറിക്ഷ പുറത്തിറക്കി. ഹിന്ദിയിൽ ഉഡോ എന്നാൽ പറക്കുക എന്നാണ് അർഥം. വിമാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമിച്ച 'ഉഡോ', ഒരു ഓട്ടോപ്ലെയിൻ ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഉപഭോക്താക്കളുടെ ആഗ്രഹങ്ങൾക്ക് ചിറകു നൽകാനും ജീവിതത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കാൻ അവരെ സഹായിക്കാനും മഹീന്ദ്ര ഉഡോ ലക്ഷ്യമിടുന്നു. 3,84,299.00 രൂപയാണ് എക്സ്ഷോറൂം വിലയെങ്കിലും പരിമിതമായ കാലയളവിലേക്ക് ഉഡോ 3,58,999.00 രൂപയ്ക്ക് ലഭ്യമാകും. 48 മുതൽ മാറ്റമില്ലാതെ തുടരുന്ന പരമ്പരാഗത ഓട്ടോ ഡിസൈനുകളിൽ നിന്ന് മാറിയാണ് ഉഡോയുടെ രൂപകൽപന. മഹീന്ദ്രയുടെ ചീഫ് ഡിസൈൻ ആൻഡ് ക്രിയേറ്റീവ് ഓഫീസർ പ്രതാപ് ബോസും സംഘവുമാണ് ഉഡോ ഓട്ടോറിക്ഷയുടെ വിപ്ലവകരമായ രൂപകൽപനയ്ക്ക് പിന്നിലെന്ന് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ സുമൻ മിശ്ര പറഞ്ഞു.

ഈ സെഗ്മെൻറിലെ ആദ്യത്തെ മോണോകോക്ക് നിർമാണ രീതിയിൽ ഡിസൈൻ ചെയ്ത ഉഡോ, ആകർഷകവും വായുഗതിക്ക് അനുയോജ്യവുമായ രൂപഭംഗിയാൽ വേറിട്ടുനിൽക്കുന്നു. ബോൾഡ് ഹെഡ്‌ലാമ്പുകൾ, സ്റ്റൈലിഷ് മിററുകൾ, വലിയ വിൻഡ്ഷീൽഡ് എന്നിവ വാഹനത്തെ കൂടുതൽ ആകർഷണീയമാക്കുന്നു. ഡ്രൈവർക്കായി പൈലറ്റ് സീറ്റ് എന്ന് വിളിക്കപ്പെടുന്ന ഈ വിഭാഗത്തിലെ ഏറ്റവും സുഖപ്രദമായ സീറ്റും, യാത്രക്കാർക്കുള്ള വിശാലമായ ഫസ്റ്റ് ക്ലാസ് ഇരിപ്പിടവും ലോഞ്ചിന് സമാനമായ അനുഭവം നൽകും.11.7 കെഡബ്ല്യുഎച്ച് ലിഥിയം അയൺ ബാറ്ററി പാക്ക് ആണ് ഉഡോയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇത് 10 കി.വാട്ട് പീക്ക് പവറും 52 എൻഎം ടോർക്കും നൽകുന്നു.

ഒറ്റ ചാർജിൽ 200 കിലോമീറ്റർ വരെ സഞ്ചരിക്കാം. മണിക്കൂറിൽ 55 കിലോമീറ്ററാണ് പരമാവധി വേഗത. വാഹനത്തിന് 1.5 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 6 വർഷത്തെ വാറന്റി ലഭിക്കും. കൂടാതെ ഒരു ലക്ഷം കിലോമീറ്റർ വരെ സൗജന്യ സർവീസും മഹീന്ദ്ര വാഗ്ദാനം ചെയ്യുന്നു. റേഞ്ച്, റൈഡ്, റേസ് എന്നിങ്ങനെ സ്മാർട്ട് ഡ്രൈവ് മോഡുകൾ ഉള്ള ഉഡോ ഈ വിഭാഗത്തിലെ ഏറ്റവും ഊർജക്ഷമതയുള്ള വാഹനം കൂടിയാണ്.

വാഹനത്തിന്റെ നിയന്ത്രണം സുഗമമാക്കുന്ന റിവേഴ്സ് ത്രോട്ടിൽ, ക്രീപ്പ് മോഡ് എന്നീ ഫീച്ചറുകൾ ഈ സെഗ്മെൻറിൽ ആദ്യമാണ്. ശക്തമായ ഡ്രം ബ്രേക്കുകൾ ആണ് മറ്റൊരു സവിശേഷത. ലാസ്റ്റ് മൈൽ ഗതാഗതത്തെ വൈദ്യുതീകരിക്കുക വഴി ഉപഭോക്താക്കളുടെ ജീവിതം അർഥവത്തായ രീതിയിൽ മെച്ചപ്പെടുത്തുക എന്നതാണ് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റിയിൽ തങ്ങളുടെ ലക്ഷ്യമെന്ന് സുമൻ മിശ്ര പറഞ്ഞു. ഈ വിഭാഗത്തിൽ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്നുമുള്ള ഞങ്ങളുടെ വിശ്വാസത്തെയാണ് പൂർണമായും പുനർരൂപകൽപന ചെയ്ത മഹീന്ദ്ര ഉഡോ പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫിലിംഫെയർ അവാർഡ്സ്: നാമനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചു




**കൊച്ചി:** 70മത് ഫിലിംഫെയർ അവാർഡ്സ് സൗത്ത് കേരളാ ടൂറിസത്തിനൊപ്പം നാമനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചു. ദക്ഷിണേന്ത്യൻ സിനിമാ ലോകം കാത്തിരിക്കുന്ന ഈ പുരസ്കാരനിശ ഇതാദ്യമായി കേരളത്തിൽ വേദിയാകുന്നു എന്ന പ്രത്യേകതയുമുണ്ട്. കേരള ടൂറിസവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന പുരസ്കാര ചടങ്ങുകൾ ഫെബ്രുവരി 21ന് കൊച്ചി കറുകുറ്റി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിൽ 2024ൽ പുറത്തിറങ്ങിയ സിനിമകളിലെ മികച്ച പ്രകടനങ്ങളെയും സാങ്കേതിക മികവിനെയുമാണ് ഈ പുരസ്കാരങ്ങൾ വഴി ആദരിക്കുന്നത്. കേരളം സിനിമയ്ക്കും ടൂറിസത്തിനും ഒരുപോലെ മികച്ച വേദിയാണെന്ന് തെളിയിക്കുന്നതാണ് ഈ രാജ്യാന്തര ചടങ്ങെന്ന് കേരള ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് അഭിപ്രായപ്പെട്ടു.

മലയാളത്തിൽ ബ്ലെസി ചിത്രം ആടുജീവിതം എട്ട് വിഭാഗങ്ങളിൽ നാമനിർദ്ദേശം നേടി മുൻപന്തിയിൽ നിൽക്കുന്നു. മികച്ച ചിത്രത്തിനുള്ള പട്ടികയിൽ ആട്ടം, ആവേശം, ഭ്രമയുഗം, മഞ്ഞുമ്മൽ ബോയ്സ്, ആടുജീവിതം, പ്രേമലു, ഉള്ളൊഴുക്ക്, കിഷ്കിന്ദാ കാണ്ഡം, പ്രഭായായ് നിനച്ചതെല്ലാം എന്നീ ചിത്രങ്ങൾ തമ്മിലാണ് പ്രധാന മത്സരം. മികച്ച നടൻ വിഭാഗത്തിൽ മമ്മൂട്ടി, ഫഹദ് ഫാസിൽ, പൃഥിരാജ്, ടൊവിനോ തോമസ്, ആസിഫ് അലി, ബേസിൽ ജോസഫ് എന്നിവരും, മികച്ച നടി വിഭാഗത്തിൽ മമിത ബൈജു, പാർവതി തിരുവോത്ത്, ഉർവശി, നസ്രിയ, ദിവ്യപ്രഭ, കനി കുസൃതി, സാരിൻ ഷിഹാബ് എന്നിവരും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

തമിഴ് സിനിമാ വിഭാഗത്തിൽ പത്ത് നാമനിർദ്ദേശങ്ങളുമായി ശിവകാർത്തികേയൻ ചിത്രം അമരൻ ആണ് മുന്നിൽ. ലബ്ബർ പന്തു, മെയ്യഴഗൻ എന്നീ ചിത്രങ്ങളും ശക്തമായ സാന്നിധ്യമായി പട്ടികയിലുണ്ട്. മികച്ച നടനായി വിക്രം, ധനുഷ്, വിജയ് സേതുപതി, അരവിന്ദ് സ്വാമി, ശിവകാർത്തികേയൻ എന്നിവരും, മികച്ച നടിക്കുള്ള പുരസ്കാരത്തിനായി സായി പല്ലവി, കീർത്തി സുരേഷ്, അന്ന ബെൻ, സിമ്രൻ, ശ്രീഗൗരി പ്രിയ, ഉർവശി എന്നിവരും മത്സരിക്കുന്നു. തെലുങ്കിൽ പുഷ്പ 2: ദി റൂൾ, ലക്കി ഭാസ്കർ, ഹനുമാൻ എന്നീ ചിത്രങ്ങൾ ഏഴ് വീതം നാമനിർദ്ദേശങ്ങളുമായി കിരീടപ്പോരാട്ടത്തിലുണ്ട്. അല്ലു അർജുൻ, ദുൽഖർ സൽമാൻ, ജൂനിയർ എൻടിആർ, നാനി എന്നിവരാണ് മികച്ച നടന്മാരുടെ പട്ടികയിലുള്ളത്. കൽക്കി 2898 എഡിയിലെ പ്രകടനത്തിലൂടെ അമിതാഭ് ബച്ചൻ മികച്ച സഹനടനുള്ള നാമനിർദ്ദേശം നേടിയത് തെലുങ്ക് സിനിമയിൽ ശ്രദ്ധേയമായി.

കന്നഡ സിനിമാ വിഭാഗത്തിൽ കൃഷ്ണം പ്രണയ സഖിയാണ് ഏറ്റവും കൂടുതൽ നാമനിർദ്ദേശങ്ങൾ നേടിയ ചിത്രം. ഭീമ, ബ്ലിങ്ക്, ബഘീര, ഹദിനെന്തു, ശാഖാഹാരി എന്നീ സിനിമകളും മികച്ച ചിത്രത്തിനുള്ള മത്സരത്തിനുണ്ട്. മികച്ച നടൻ വിഭാഗത്തിൽ കന്നഡയിലെ മുൻനിര താരങ്ങളായ ശിവരാജ്കുമാർ, സുധീപ്, ദുനിയ വിജയ് എന്നിവർ ഇടംപിടിച്ചു. ദക്ഷിണേന്ത്യൻ സിനിമയുടെ വൈവിധ്യവും സർഗ്ഗാത്മകതയും ആഘോഷിക്കുന്ന കൊച്ചിയിലെ ഈ ചടങ്ങ് ഒരു നാഴികക്കല്ലായിരിക്കുമെന്ന് ഫിലിംഫെയർ എഡിറ്റർ ഇൻ ചീഫ് ജിതേഷ് പിള്ളൈ പറഞ്ഞു. കേരള ടൂറിസത്തിന് പുറമെ കാമർ ഫിലിം ഫാക്ടറി, ടിടികെ പ്രസ്റ്റീജ്, സെൻസോഡൈന്റ് ഡിഎസ്പി എന്നിവരുടെ സഹകരണത്തോടെയാണ് പുരസ്കാര നിശ അരങ്ങേറുന്നത്.

# ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ലോൺ മേള ഫെബ്രുവരി 17ന്

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ റാംപ് (ആർ.എ.എം.പി) പദ്ധതിയുടെ ഭാഗമായി സംരംഭകർക്കായി താലൂക്ക് തല ലോൺ മേള 'ബാങ്കേഴ്സ് മീറ്റ് 2025-26' സംഘടിപ്പിക്കും. ഫെബ്രുവരി 17ന് രാവിലെ 9.30 മുതൽ തോപ്പുംപടി മാരിയോൺ ഹാളിലാണ് മേള നടക്കുക. കൊച്ചി താലൂക്ക് വ്യവസായ ഓഫീസിനാണ് മേളയുടെ ചുമതല. ബാങ്ക് വായ്പയിലൂടെ വ്യവസായം ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് നേരിട്ടറിയാൻ മേള അവസരം ഒരുക്കും. സംരംഭകരുടെ പ്രൊജക്റ്റുകൾ ബാങ്ക് പ്രതിനിധികൾ തൽസമയം വിലയിരുത്തി വായ്പാ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യവും മേളയിൽ ഒരുക്കിയിട്ടുണ്ട്.

# എച്ച്ഡിഎഫ്സി ലൈഫ്– മുത്തൂറ്റ് ഫിൻകോർപ്പ് സഹകരണത്തിന് ധാരണ



**കോഴിക്കോട്:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ എച്ച്ഡിഎഫ്സി ലൈഫ്, മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) ഫ് ളാഗ്ഷിപ്പ് കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡുമായി സഹകരണം പ്രഖ്യാപിച്ചു. ഇതിലൂടെ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിന്റെ ഉപഭോക്താക്കൾക്ക് എച്ച്ഡിഎഫ്സി ലൈഫിന്റെ ഇൻഷൂറൻസ് പരിരക്ഷയും ദീർഘകാല സേവിംഗ്സ് ഉൽപ്പന്നങ്ങളും ഉൾപ്പെടെ ഗ്രൂപ്പ്വ്യക്തിഗത ലൈഫ് ഇൻഷുറൻസിലേക്ക് പ്രവേശനം ലഭിക്കുമെന്നും എച്ച്ഡിഎഫ്സി ലൈഫിന്റെ സേവനങ്ങൾ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിന്റെ ഇന്ത്യയിലുടനീളമുള്ള 3750ലധികം ശാഖകളിൽ ലഭിക്കുമെന്ന് കമ്പനി അറിയിച്ചു. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡുമായുള്ള സഹകരണം 2047 ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് എച്ച്ഡിഎഫ്സി ലൈഫ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ വിഭ പദാൽക്കർ പറഞ്ഞു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ദശലക്ഷക്കണക്കിന് ഉപഭോക്താക്കളുമായുള്ള ബന്ധം, എച്ച്ഡിഎഫ്സി ലൈഫിന്റെ ഉൽപ്പന്നറിസ്ക് വൈദഗ്ദ്ധ്യം എന്നിവ സംയോജിപ്പിച്ച് ഇന്ത്യൻ കുടുംബങ്ങൾക്ക് ഏറ്റവും മികച്ച പരിരക്ഷ നൽകാനാണ് ശ്രമിക്കുന്നതെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.

# ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360

ICICI PRUDENTIAL
LIFE INSURANCE

**കൊച്ചി/തിരുവന്തപുരം:** കുട്ടികളുടെ ഭാവിയിലെ സാമ്പത്തിക ആവശ്യങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യാൻ സഹായിക്കുന്ന ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360 എന്ന ദീർഘകാല സമ്പാദ്യ പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഉപഭോക്താക്കൾക്ക് ഉറപ്പായ നേട്ടങ്ങൾ ഇതിലൂടെ ലഭിക്കും. സ്കൂൾ വിദ്യാഭ്യാസം, ഉപരിപഠനം അല്ലെങ്കിൽ യൗവനത്തിന്റെ തുടക്കത്തിലെ ലക്ഷ്യങ്ങൾ എന്നിങ്ങനെ കുട്ടിയുടെ ജീവിതത്തിലെ പ്രധാന നാഴികക്കല്ലുകൾക്കനുസരിച്ച് മണിബാക്ക് അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പേഔട്ടുകൾ ഈ പദ്ധതി വാഗ്ദാനം ചെയ്യുന്നതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രോഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു.

പേഔട്ടായി ഒരു നിശ്ചിത തുകയോ അല്ലെങ്കിൽ വർഷാവർഷം വർധിക്കുന്ന തുകയോ തിരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് സാധിക്കുമെന്നത് ഇതിന്റെ പ്രത്യേകതയാണ്. കുട്ടികളുടെ ഭാവി സാമ്പത്തികമായി സുരക്ഷിതമാക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360 രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും വികാസ് ഗുപ്ത പറഞ്ഞു. മണിബാക്ക് ആനുകൂല്യങ്ങൾക്ക് പുറമെ, പോളിസി കാലാവധി അവസാനിക്കുമ്പോൾ ലഭിക്കുന്ന ലംപ്സം തുക കുട്ടിയുടെ മുതിർന്ന ജീവിതത്തിലേക്കുള്ള മാറ്റത്തിന് വലിയ പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് അപ്രതീക്ഷിതമായ മരണം സംഭവിക്കുകയാണെങ്കിൽ, കുട്ടിയുടെ ഭാവി സംരക്ഷിക്കുന്നതിനായി പ്രീമിയം ഒഴിവാക്കാനുള്ള സൗകര്യവും ആനുകൂല്യങ്ങളുടെ തുടർച്ചയും ഈ പദ്ധതിയുടെ പ്രധാന സവിശേഷതയാണ്. ഈ ഫീച്ചർ പ്രകാരം, ഭാവിയിലെ എല്ലാ പ്രീമിയങ്ങളും ഒഴിവാക്കപ്പെടുകയും ലൈഫ് കവർ തുക നോമിനിക്ക് നൽകുകയും ചെയ്യും. പ്രധാന ആനുകൂല്യങ്ങൾക്ക് പുറമെ, ഇൻഷുറൻസ് എടുത്ത വ്യക്തിയുടെ അസാനിധ്യത്തിൽ കുടുംബത്തിന് സ്ഥിരവരുമാനം ഉറപ്പാക്കാൻ സഹായിക്കുന്ന ഫാമിലി ഇൻകം ബെനഫിറ്റ് പോലുള്ള ഓപ്ഷണൽ ഫീച്ചറുകളും ഈ പദ്ധതിയിലുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐഎസ്എൽ: കേരള ബ്ലാസ്റ്റേഴ്സ് ടീമിനെ പ്രഖ്യാപിച്ചു



**കൊച്ചി:** വരാനിരിക്കുന്ന ഇന്ത്യൻ സൂപ്പർ ലീഗ് പോരാട്ടങ്ങൾക്കുള്ള കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി സ്ക്വാഡിനെ ഔദ്യോഗികമായി പ്രഖ്യാപിച്ചു. പരിചയസമ്പന്നരായ താരങ്ങളും വളർന്നുവരുന്ന ഇന്ത്യൻ പ്രതിഭകളും പുതിയ വിദേശ സൈനിംഗുകളും ഉൾപ്പെടുന്നതാണ് പ്രഖ്യാപിച്ച സ്ക്വാഡ്. ഓരോ പൊസിഷനിലും മികച്ച പോരാട്ടം ഉറപ്പാക്കുന്ന രീതിയിലുള്ള മാറ്റങ്ങളാണ് ടീമിൽ വരുത്തിയിട്ടുള്ളത്. സച്ചിൻ സുരേഷും അർഷ് ഷെയ്ഖും നയിക്കുന്ന ഗോൾകീപ്പിംഗ് വിഭാഗം ടീമിന് കരുത്താകുമ്പോൾ, പ്രതിരോധനിരയിൽ വിദേശ താരം ഉമർ ബാഹിന്റെ അനുഭവസമ്പത്തും ഇന്ത്യയുടെ അണ്ടർ 23 ക്യാപ്റ്റൻ ബികാഷ് യുംനാമിന്റെ നേതൃപാടവവും ടീമിന് ആത്മവിശ്വാസം നൽകുന്നു.

മധ്യനിരയിൽ കളി നിയന്ത്രിക്കാനും ടീമിനെ ഒത്തിണക്കത്തോടെ മുന്നോട്ട് കൊണ്ടുപോകാനും മർലോൺ റൂസ്, വിബിൻ മോഹനൻ എന്നിവർക്ക് പ്രധാന ചുമതലയുണ്ട്. മുന്നേറ്റനിരയിൽ വിക്ടർ ബെർട്ടോമിയുവും കെവിൻ യോക്കും എത്തുന്നതോടെ സാഹചര്യങ്ങൾക്കനുസരിച്ച് തന്ത്രങ്ങൾ മാറ്റാൻ പരിശീലകർക്ക് കൂടുതൽ ഓപ്ഷനുകൾ ലഭിക്കും. നിലവിലെ ഇന്ത്യൻ ഫുട്ബോൾ സാഹചര്യങ്ങളിൽ മികച്ച പോരാട്ടം കാഴ്ചവെക്കുന്നതോടൊപ്പം, താരങ്ങളുടെ വളർച്ചയ്ക്കും ടീമിനുള്ളിലെ ഒത്തൊരുമയ്ക്കും മുൻഗണന നൽകിയാണ് സ്ക്വാഡ് തയ്യാറാക്കിയിരിക്കുന്നത്.

**ഗോൾകീപ്പേഴ്സ്:**സച്ചിൻ സുരേഷ്, അർഷ് ഷെയ്ഖ്, അൽസാബിത്ത് സുലൈമാൻ.

**ഡിഫൻഡേഴ്സ്:**നവോച്ച സിംഗ്, ഐബൻബ ഡോഹ്ലിങ്, ഹോർമിപാം റുയിവ, സന്ദീപ് സിംഗ്, മുഹമ്മദ് സഹീഫ്, ബികാഷ് യംനം, സുമിത് ശർമ്മ, ജഗന്നാഥ് ജയൻ, ഉമർ ബാഹ്

**മിഡ്ഫീൽഡേഴ്സ്:**
വിബിൻ മോഹനൻ, ഡാനിഷ് ഫാറൂഖ്, നിഹാൽ സുധീഷ്, റൗളിൻ ബോർജസ്, ഫ്രെഡി ലാലൻമാവമ, എബിനാസ് യേശുദാസൻ, സലാഹുദ്ദീൻ അദ്നാൻ, ലൂയിസ് മത്യാസ് ഹെർണാസ്, മർലോൺ റൂസ് ട്രൂജിലോ

**ഫോർവേഡ്സ്:**
കൊറൗ സിംഗ്, ലാൽതൻമാവിയ റെന്ത്‌ലി, മുഹമ്മദ് അജ്സൽ, ശ്രീകുട്ടൻ എം.എസ്, വിക്ടർ ബെർട്ടോമിയു, കെവിൻ യോക്ക്

# വാക്കത്തോൺ ഇന്ന്

**കൊച്ചി :** വോട്ടുചെയ്യേണ്ടതിന്റെ പ്രധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കെ.എം.എം കോളജ് ഇലക്ട്രൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ, സ്വീപ് ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഇടപ്പള്ളി ടോൾ ജംഗ്ഷനിൽ നിന്നും തൃക്കാക്കര കെ.എം.എം കോളജിലേക്ക് ഇന്ന് (14.02.26) വാക്കത്തോൺ സംഘടിപ്പിക്കും. രാവിലെ എട്ടിന് ആരംഭിക്കുന്ന വാക്കത്തോൺ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്, ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ല സ്വീപ് നോഡൽ ഓഫിസറും അസിസ്റ്റന്റ് കളക്ടറുമായ പാർവ്വതി ഗോപകുമാർ ഐ.എ.എസ്, എറണാകുളം ജില്ല സ്വീപ് അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹ്യൂർഷ്സ്, കെ.എം.എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻ ചെയർമാൻ എം. എം അബൂബക്കർ, കോളജ് പ്രിൻസിപ്പാൾ ഡോ.സബന ബക്കർ തുടങ്ങിയവർ പങ്കെടുക്കും

# കൊച്ചി മെട്രോ സർവ്വീസ് സമയം വർധിപ്പിച്ചു ; ഞായറാഴ്ച മുതൽ രാത്രി 11 മണിവരെ സർവ്വീസ്



**കൊച്ചി :** യാത്രക്കാരുടെ എണ്ണത്തിൽ സ്ഥിരമായ വർധനവും ഉയർന്നുവരുന്ന യാത്രാവശ്യവും പരിഗണിച്ച് കൊച്ചി മെട്രോ ട്രെയിൻ സർവീസ് രാത്രി 11 മണി വരെ ദീർഘിപ്പിച്ചു. ഫെബ്രുവരി 15 മുതൽ പുതുക്കിയ സമയക്രമം നിലവിൽ വരും. ഇതിനനുസരിച്ച് ആലുവ, തൃപ്പൂണിത്തുറ എന്നീ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് അവസാന സർവീസ് രാത്രി 11:00 മണിക്ക് പുറപ്പെടും. ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് പ്രത്യേക സർവീസുകളും നടത്തും. ഫെബ്രുവരി 15 ന് തൃപ്പൂണിത്തുറ ടെർമിനലിൽ നിന്ന് അവസാന സർവീസ് രാത്രി 11:30 ന് പുറപ്പെടും. ഫെബ്രുവരി 16 ന് ആലുവ മെട്രോ സ്റ്റേഷനിൽ നിന്ന് പുലർച്ചെ 4:00 മണിക്ക് സർവീസ് ആരംഭിക്കും. രാവിലെ 6:00 മണിവരെ 30 മിനിറ്റ് ഇടവേളയിൽ സർവീസ് ഉണ്ടായിരിക്കും. തുടർന്ന് ട്രെയിനുകൾ പതിവ് ടൈംടേബിൾ പ്രകാരം സർവീസ് നടത്തും.

# മത്സ്യത്തൊഴിലാളി ജീവിതങ്ങൾ; ‘ബേബൽ ഓഫ് ദി മ്യൂട്ടഡ്’ സ്റ്റുഡന്റ്സ് ബിനാലെയിൽ



**കൊച്ചി:** ചമ്പക്കര, കുമ്പളങ്ങി തുടങ്ങിയ മത്സ്യത്തൊഴിലാളി മേഖലകളിലെ അനുഭവങ്ങളിൽ നിന്നാണ് എ എം അനഘ എന്ന വിദ്യാർഥി ചണനൂലിൽ കോർത്തിണക്കിയ തന്റെ കലാസൃഷ്ടി കൊച്ചിമുസിരിസ് ബിനാലെയുടെ ഭാഗമായ സ്റ്റുഡന്റ്സ് ബിനാലെയിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്റ്റുഡന്റ്സ് ബിനാലെ വേദിയായ ബി.എം.എസ് വെയർഹൗസിൽ ഒരുക്കിയിരിക്കുന്ന ‘ബേബൽ ഓഫ് ദ മ്യൂട്ടഡ്’ എന്ന കലാപ്രതിഷ്ഠ, പ്രമേയത്തിന്റെ വ്യത്യസ്തത കൊണ്ടും അനുഭവങ്ങളുടെ തീക്ഷ്ണത കൊണ്ടും സന്ദർശകർക്കിടയിൽ ശ്രദ്ധേയമാകുകയാണ്. എം.എം അനഘ , ജിജോ വർഗീസ്, എം അഭിനന്ദ് എന്നീ മൂന്ന് യുവ കലാകാരന്മാരുടെ സംയുക്ത പരിശ്രമത്തിലാണ് ഈ കലാപ്രതിഷ്ഠ പിറന്നത്. വൈവിധ്യമാർന്ന സാംസ്കാരിക വിവരണങ്ങളെയും നാട്ടുകഥകളെയും ഒരൊറ്റ വേദിയിൽ സംയോജിപ്പിക്കുന്നു. മാനുഷിക അനുഭവങ്ങളുടെ സങ്കീർണ്ണതകളിലൂടെ കടന്നു പോകുന്ന കലാപ്രതിഷ്ഠ സർഗ്ഗാത്മകതയുടെ കരുത്താണ് വിളിച്ചോതുന്നത്.ചമ്പക്കര, കുമ്പളങ്ങി തുടങ്ങിയ മത്സ്യത്തൊഴിലാളി മേഖലകളിലെ തന്റെ അനുഭവങ്ങളിൽ നിന്നാണ് ഈ കലാസൃഷ്ടിയുടെ ആശയങ്ങൾ രൂപപ്പെട്ടതെന്ന് അനഘ പറയുന്നു.

അധ്വാനത്തിന്റെയും അതിജീവനത്തിന്റെയും ഓർമ്മകൾ പേറുന്ന വസ്തുക്കളെയും കഥകളെയും ആസ്പദമാക്കി സംസ്കാരം, ഓർമ്മ, സാമൂഹിക ബന്ധങ്ങൾ എന്നിവയെ മുൻനിർത്തിയാണ് ഇതൊരുക്കിയിരിക്കുന്നത്. ഏകദേശം 35 കിലോ ചണനൂൽ ഉപയോഗിച്ചാണ് ഈ ബൃഹത്തായ സൃഷ്ടിയുടെ നിർമ്മാണം പൂർത്തിയാക്കിയത്. സുഹൃത്തുക്കളുടെ സഹായത്തോടെ മൂന്ന് ആഴ്ചയോളം നീണ്ടുനിന്ന കഠിനമായ അധ്വാനത്തിലൂടെ നൂലുകൾ കോർത്തും നെയ്തുമാണ് രൂപം തയ്യാറാക്കിയത്. സന്ദർശകരിൽ നിന്ന് ഇതിനോടകം തന്നെ മികച്ച പ്രതികരണമാണ് സൃഷ്ടിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.സമൂഹത്തിൽ പലപ്പോഴും നിശബ്ദമാക്കപ്പെട്ട ശബ്ദങ്ങളെയും പരമ്പരാഗതമായ അറിവുകളെയും വേരുകളെയും കുറിച്ചുള്ള അന്വേഷണമാണിതെന്ന് ക്യൂറേറ്റർമാരായ സി പി ശീതളും സുധീഷ് കൊട്ടേമ്പ്രവും നിരീക്ഷിക്കുന്നു. സാമൂഹിക ഘടനകളെയും മനുഷ്യന്റെ പെരുമാറ്റരീതികളെയും കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങളാണ് സൃഷ്ടിയിലേക്ക് താൻ നൽകിയ സംഭാവനയെന്ന് ജിജോ വർഗീസ് വിശദീകരിച്ചു. നിർമ്മിതികളുടെ വലിപ്പവും പഴക്കവും പ്രേക്ഷകർക്ക് നേരിട്ട് അനുഭവിക്കാനും അതിന്റെ ഭാഗമാകാനും കലാപ്രതിഷ്ഠ അവസരമൊരുക്കുന്നു. സ്റ്റുഡന്റ്സ് ബിനാലെയിൽ ആദ്യമായി പങ്കെടുക്കുന്നതിന്റെ ആവേശത്തിലാണ് അഭിനന്ദ്. സഹകലാകാരന്മാരുമായി ഇടപഴകാനും പുതിയ കാഴ്ചപ്പാടുകൾ നേടാനും കഴിഞ്ഞത് കലാജീവിതത്തിൽ വലിയൊരു അനുഭവമാണെന്നും വരുംകാലത്തെ തന്റെ കലാപ്രവർത്തനങ്ങളിൽ ഇത് വലിയ സ്വാധീനം ചെലുത്തുമെന്നും അഭിനന്ദ് പറഞ്ഞു. കലയും സാമൂഹിക ജീവിതവും എങ്ങനെ പരസ്പരം ലയിച്ചുചേരുന്നു എന്നതിന്റെ മികച്ച ഉദാഹരണമായി കലാപ്രതിഷ്ഠ മാറുകയാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com